**EID-UL-FITR SERMON**
**HADHRAT MUHYI-UD-DIN AL-KHALIFATULLAH MUNIR AHMAD AZIM (A)**
**16 June 2018 (01 Shawwal 1439 AH)**

# “THE NIGHT OF EID-UL-FITR”:.
# ചെറിയ പെരുന്നാൾ രാത്രി

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ***ചെറിയ പെരുന്നാൾ രാത്രി*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

റമദാൻ പരിസമാപ്തിയിലെത്തുമ്പോൾ, നമുക്ക് പെരുന്നാൾ രാത്രി ലഭിക്കുന്നു. സമ്മാനത്തിന്റെ രാത്രി, പെരുന്നാൾദിന പ്രഭാതത്തിൽ അല്ലാഹു (ത) മാലാഖമാരെ ഭൂമിയിലേക്കയയ്ക്കുന്നു. അവർ അവരുടെ നിശ്ചിത സ്ഥാനത്തെത്തിയാൽ, അവർ ഉച്ചത്തിൽ വിളിച്ചു പറയുന്നതാണ്, അത് മനുഷ്യരും ജിന്നുകളും ഒഴികെയുള്ള മറ്റെല്ലാവർക്കും കേൾക്കുവാൻ സാധിക്കുന്നതാണ്.

അല്ലയോ മുഹമ്മദ്(സ) ന്റെ സമുദായമെ! നിങ്ങളുടെ ഭവനങ്ങൾ വിട്ട് പുറത്തുവരുക. പരമകാരുണികനും മഹത്വമുടയുവനുമായ നിങ്ങളുടെ രക്ഷകന്റെ അടുത്തേക്ക്! അവൻ നിങ്ങൾക്ക് വളരെയധികം അനുഗ്രഹങ്ങൾ നല്കുന്നതാണ്. നിങ്ങളുടെ കൊടിയ പാപങ്ങൾ മാപ്പാക്കുന്നവനുമാകുന്നു.

പെരുന്നാൾ പ്രാർത്ഥനയ്ക്കായി ജനങ്ങൾ നമസ്ക്കാര സ്ഥലത്തേക്ക് പോകുമ്പോൾ അല്ലാഹു(ത) മാലാഖമാരോടു ചോദിക്കുന്നു. പ്രതിഫലം കാംഷിച്ചുകൊണ്ട് പ്രവർത്തിച്ചവനുള്ള പ്രതിഫലം എന്താകുന്നു? മാലാഖമാർ മറുപടി പറയുന്നു. അല്ലയോ രക്ഷകനും

ഉടയവനുമാകുന്നവനേ! അവൻ ചെയ്ത സേവനങ്ങൾക്ക്, അവന്റെ പ്രതിഫലം പൂർണ്ണമായും ലഭിക്കുക എന്നത് അവന്റെ അവകാശമാണ്. അപ്പോൾ അല്ലാഹു(ത) പറയുന്നു. നിങ്ങളെ ഞാൻ സാക്ഷിയായി നിർത്തുകയാണ്. അല്ലയോ മാലാഖമാരെ! അതായത് റമദാൻ മാസത്തിൽ അവർ വ്രതമനുഷ്ഠിച്ചതിന്, രാത്രിയിൽ അവർ നിന്ന് നമസ്ക്കരിച്ചതിന്, ഞാൻ എന്റെ സംതൃപ്തിയാകുന്ന പ്രതിഫലം അവർക്ക് നല്കുകയാണ്, അതോടൊപ്പം അവർക്ക് പാപമോചനവും നല്കുകയാണ്.

തന്റെ ദാസന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു(ത) പറയുന്നു. എന്റെ ദാസന്മാരെ! ഇപ്പോൾ നിങ്ങൾ എന്നോട് ചോദിക്കുക. എന്റെ മഹത്വവും എന്റെ ഔന്നത്യവും കൊണ്ട് സത്യം! ഈ ദിവസം നിങ്ങളുടെ ഈ സമ്മേളന സ്ഥലത്തു വെച്ച് പാരത്രികലോകത്തിലേക്ക് വേണ്ടിയോ, ഈലോകത്തേക്കു വേണ്ടിയോ, നിങ്ങൾ എന്തുതന്നെ യാചിച്ചാലും, അത് ഞാൻ നിങ്ങൾക്കായി അനുവദിക്കുന്നതാണ്. എന്റെ മഹത്വത്തെകൊണ്ടു സത്യം! എന്റെ കല്പനകൾ നിങ്ങൾ അനുസരിക്കുന്നിടത്തോളം കാലം, നിങ്ങളുടെ തെറ്റുകളെ നാം മറയ്ക്കുന്നതാണ്. എന്റെ മഹത്വത്തെകൊണ്ടും, എന്റെ ഔന്നത്യത്തെകൊണ്ട് സത്യം, ഞാൻ നിങ്ങളെ കുറ്റവാളികൾക്കിടയിൽ വെച്ചും, അവിശ്വാസികളുടെ മുമ്പിൽ വെച്ചും, ഞാൻ ഒരിക്കലും നിങ്ങളെ അപമാനപ്പെടുത്തുകയില്ല എന്ന് ഞാനിതാ സത്യം ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ ഇവിടെ നിന്നും പോവുക, നിങ്ങൾക്ക് നാം മാപ്പ് നല്കിയിരിക്കുന്നു. നിങ്ങൾ എന്നിൽ സന്തോഷഭരിതരാവുക, ഞാൻ നിങ്ങളിലും സന്തോഷവനാണ്.

ഹസ്രത് മുഹമ്മദ് മുസ്തഫാ (സ) യുടെ ഉമ്മത്തിന് അല്ലാഹു (ത) ഇത്രയും വലിയ പ്രതിഫം നല്കുന്നതിന് സാക്ഷ്യം വഹിച്ച മലക്കുകൾ, പ്രസ്തുത ഈദുൽഫിത്ർ ദിനത്തിൽ, അവർ വളരെ വലിയ സന്തോഷത്തിലും സംതൃപ്തിയിലും ആയി തീർന്നു. എന്നിട്ടവർ പ്രാർത്ഥിച്ചു ഓ! അല്ലാഹ്! ഈ ഭാഗ്യവാന്മാരായ ആളുകളോടൊപ്പം ഞങ്ങളെയും നീ ഉൾപ്പെടുത്തേണമെ! ആമീൻ

ഈ ഹദീസിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്ന ഒരു കാര്യം, ജനങ്ങൾക്ക്, റമദാൻ മാസത്തിൽ, പൊതു മാപ്പ് ലഭിക്കാത്തവരായ ആളുകളും ഉണ്ട് എന്ന വസ്തുതയിലേക്കാണ്. അത്തരം ദൗർഭാഗ്യവന്മാരായ ആളുകൾക്ക്, പെരുന്നാൾ ദിനത്തിന്റെ പ്രഭാതത്തിലും ദൈവീകമായി മാപ്പിന്റെ ഒരു ഓഹരിയും ലഭിക്കുന്നതല്ല. ഈ പറയപ്പെട്ട ദൗർഭാഗ്യവാന്മാർ എന്ന് പറയുന്നത്, അവർ സ്വയം നല്ലവരാണെന്ന് പറഞ്ഞു നടക്കുന്നവരും, തെറ്റുകൾ തുടർന്നും ചെയ്തുകൊണ്ടിരിക്കുന്നവരുമാണ്, അവർ ഈ അനുഗൃഹീതമാസത്തിന് യാതൊരു മാന്യതയും നല്കാത്തവരുമാണ്. അവരുടെ പാപകരമായ വഴികളിലൂടെ ഈ അനുഗൃഹീത മാസത്തിലും നടന്നവരാണവർ. അവർ അവരുടെ മാതാപിതാക്കളെ അനുസരിക്കുന്നവരുമായിരുന്നില്ല. അവർ അല്ലാഹുവിന്റെ അതൃപ്തി അവരിലേക്ക് വലിച്ചുകൊണ്ടുവരികയാണ് ചെയ്തത്. ഇപ്പോൾ അവർക്ക് എവിടെ പോകാൻ കഴിയും? (മറ്റൊരു വാക്കിൽ പറഞ്ഞാൽ, പ്രസ്തുത അനുഗൃഹീത റമദാൻ മാസത്തിൽ, അല്ലാഹുവിന്റെ തൃപ്തിയും അനുഗ്രഹവും നേടാതിരുന്ന അവരുടെ വിധി എന്തായിരിക്കും?

അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും അവന്റെ മാലാഖമാരുടെയും ശാപത്തിന് പാത്രമായി തീരുവാൻ കാരണം, അവർ ഭൗതികലോകത്തിലെ ചില നേട്ടങ്ങളെ, ബഹുമതികളെ ലക്ഷ്യം വെച്ചുകൊണ്ട് മാത്രമാണ് പ്രവർത്തിച്ചത്. ഇത് തീർച്ചയായും വളരെ ഹൃദയ ഭേദകമായ കാര്യമാണ്. അങ്ങനെ അവർ സ്വയം അല്ലാഹുവിന്റെ അപാരമായ മാപ്പിൽ നിന്നും പുറത്താക്കപ്പെടുകയുണ്ടായി. നിങ്ങളുടെ ശത്രുക്കളുടെ മേൽ ഒരു താത്ക്കാലിക വിജയം നിങ്ങൾക്ക് നേടുവാൻ കഴിഞ്ഞു. പ്രസ്തുത ഭൗതിക നേട്ടങ്ങളിലൂടെയും നിങ്ങൾ ചിലത് നേടി. എന്നാൽ ഈ നേട്ടം അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും അവന്റെ മാലാഖമാരുടെയും ശാപത്തിനു മുൻപിൽ നിങ്ങൾക്ക് യാതൊരു പ്രയോജനവും നല്കുന്നതല്ല. കാരണം നിങ്ങൾക്ക് മാപ്പ് ലഭിക്കേണ്ടതായിരുന്നു. കാരുണ്യം ലഭിക്കേണ്ടതായിരുന്നു. അത് നേടുന്നതിൽ നിങ്ങൾ പരാജയപ്പെട്ടുപോയി. ഇപ്പോൾ നിങ്ങൾ എവിടെ ആണെങ്കിലും ഏതവസ്ഥയി

ലാണെങ്കിലും, നിങ്ങളുടെ എല്ലാ വഴക്കുകളും തർക്കങ്ങളും നിങ്ങൾ മറക്കുക, നിങ്ങൾക്ക് ഇനിയും തിരുത്തുവാനുള്ള സമയ മുണ്ട്. നിങ്ങളിന്ന് പശ്ചാത്തപിച്ചു മടങ്ങുക. നിങ്ങൾ കരുതിയിരി ക്കുക. നാളെ നിങ്ങൾ ഒരു ന്യായധിപന്റെ മുൻപിൽ നിൽക്കേണ്ടതായിരിക്കും. അപ്പോൾ നിങ്ങളുടെ പദവിയോ, നിങ്ങളുടെ മാന്യതയോ, നിങ്ങളുടെ തൊഴിലോ, വസ്തുവകകളോ, ഒന്നും തന്നെ നിങ്ങൾക്ക് യാതൊരു പ്രയോജനവും ചെയ്യുന്നതല്ല. നിങ്ങൾ നീതിമാനായ ഒരു ജഡ്ജിയുടെ മുൻപാകെ നില്ക്കേണ്ടി വരുന്നതാണ്. നിങ്ങളുടെ സത്പ്രവർത്തികൾ മാത്രമെ അവിടെ എണ്ണപ്പെടുകയുള്ളു. അത്, അല്ലാഹു, അവൻ മാത്രമാണ്, നിങ്ങളുടെ എല്ലാ ചലനങ്ങളെക്കുറിച്ചും അറിവുള്ളവൻ, അവൻ മാത്രമാണ് നിങ്ങളുടെ എല്ലാ ഉദ്ദേശങ്ങളും എന്തായിരുന്നു എന്നും അറിയുന്നതും! അവന്റെ നേരെ നാം കാണിച്ച നമ്മുടെ എല്ലാ തെറ്റുകളും അവന് പൊറുത്തു തരുവാൻ കഴിവുള്ളതാണ് എന്നും നാം അറിയണം. **എന്നാൽ നമുക്കവൻ അങ്ങനെ പൊറുത്തുതരുകയില്ല, തുല്യമായ ശിക്ഷ നല്കാതെ, നമ്മുടെ ബന്ധങ്ങളിൽ നമ്മുടെ സഹമനുഷ്യരോടു നമ്മൾ കാണിച്ച കൈകടത്തുലുകൾക്കുള്ള ശിക്ഷ നല്കാതെ!**

പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. തന്റെ പ്രജയ്ക്ക് കൊടുത്തു തീർക്കാൻ കഴിയാത്ത കടം ഉണ്ടാകുന്നത് ഇങ്ങനെയാണ്. ഒരുവൻ പുനരുത്ഥാന നാളിൽ പ്രാർത്ഥനകളും, വ്രതാനുഷ്ഠാനവും, ദാനധർമ്മങ്ങളുമായി വരുന്നതാണ്, എന്നാൽ അവൻ തന്റെ സഹജീവികൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയവനും, വ്യാജാരോപണങ്ങൾ നടത്തിയവനുമാകുന്നു. പീഡനം അനുഭവിക്കേണ്ടി വന്നവൻ അല്ലാഹുവിനോട് പരാതിപെടുന്നതാണ്. അവരിൽ ഓരോത്തർക്കും പീഡിപ്പിച്ചവന്റെ നന്മകൾ എടുത്തുകൊടുക്കുന്നതാണ്, നീതി പുനഃസ്ഥാപിക്കുന്നതിന് മുൻപ് അവന്റെ സത്പ്രവർത്തനങ്ങളുടെ മുല്യം തീർന്നുപോയെങ്കിൽ, അപ്പോൾ പീഡനം അനുഭവിച്ചവരുടെ പാപങ്ങൾ പീഡിപ്പിച്ചവന് നല്കുന്നതാണ് അവരെ നരാകാഗ്നിയിലേക്ക് വലിച്ചെറിയുന്നതുമാണ്.

അതുകൊണ്ട്, നാം മനസ്സിലാക്കണം, നാം ധാരാളം നന്മകൾ ചെയ്യുന്നുണ്ടെങ്കിലും, അവൻ വലിയ ദുഃഖത്തിൽ ആയിത്തീരാൻ സാധ്യതയുണ്ട്. പരാമർശിക്കപ്പെട്ട ആദ്യ ഹദീസിൽ, ഒരു സന്തോഷ സന്ദേശം കാണുന്നു. **അല്ലാഹു(ത) അതിലൂടെ പ്രാഖ്യാപിക്കുന്നു. ദുർജനങ്ങളുടെ ഇടയിൽ, അവിശ്വസികളുടെ മുൻപിൽ അവന്റെ നിഷ്ക്കളങ്ക ദാസന്മാരെ അപമാനിക്കില്ല!** അവന്റെ കാരുണ്യം അന്വേഷിക്കുന്നവർക്കുള്ള ഏറ്റവും വലിയ അനുഗ്രഹമല്ലേ അത്! അറിയുക അവനത് മറച്ചുവെയ്ക്കുന്നതാണ്, മറ്റുള്ളവരുടെ മുൻപിൽ അത് എടുത്തു കാട്ടുകയില്ല.

അബ്ദുല്ലാ ഇബ്ന് ഉമർ(റ) വിവരിക്കുന്നു. പ്രവാചകൻ (സ) പറഞ്ഞു. പുനഃരുത്ഥാന നാളിൽ അല്ലാഹു(ത) അവന്റെ മാപ്പ് ആവരണം ചെയ്യും. അവൻ (അല്ലാഹ്) അവന്റെ ദാസന്റെ തെറ്റുകളുടെ മേൽ ഒരു മറ ഇടുന്നു. എന്നിട്ട് അല്ലാഹു(ത) അവനോട് പറയും. ഇന്ന ഇന്ന തെറ്റുകളെകുറിച്ച് നിനക്ക് അറിവില്ലേ? ഇന്ന ഇന്ന തെറ്റുകളും അറിയില്ലേ? അവൻ മറുപടിയായി പറയും അതെ എന്റെ രക്ഷിതാവേ! എനിക്കറിവുണ്ട്. അവന്റെ തെറ്റുകൾ അവന് ബോധ്യമാകുന്നതുവരെ അവനുമായുള്ള സംഭാഷണം അല്ലാഹു(ത) തുടരുന്നതാണ്. അങ്ങനെ അവൻ കരുതും അവൻ നശിച്ചതു തന്നെ. അപ്പോൾ അല്ലാഹു(ത) പറയും. ഞാൻ ഇത് (ഈ തെറ്റുകൾ) ലോകത്ത് വെച്ച് മറച്ചു വെച്ചു. അത് ഇന്ന് നിനക്ക് ഞാൻ പൊറുത്തു തരുന്നു. എന്നിട്ട് അവൻ ചെയ്ത നല്ല പ്രവർത്തന രേഖയുടെ പുസ്തകം അവന് നല്കുന്നു. (ബുഖാരി, മുസ്ലിം, ഇബ്നുമാജ)

അല്ലാഹുവിന്റെ തൃപ്തി അന്വേഷിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ് എന്ന് പറയപ്പെടുന്ന അനേകം ഹദീസുകളുണ്ട്. അതുകൊണ്ട് നാം വളരെ ശ്രദ്ധാലുക്കളുമായിരിക്കണം. അവരുടെ തെറ്റുകൾക്ക് അവരെ നാം ആക്രമിക്കാതിരിക്കുക. കാരണം അതിലൂടെ നാമായിരിക്കും യഥാർത്ഥ നഷ്ടകാരികളായി തീരുന്നത്. കാരണം നാം അതിലൂടെ അവന്റെ കീർത്തിനഷ്ടപ്പെടുത്തുകയോ, മോശമായ പദപ്രയോഗങ്ങളിലൂടെ അവനെ അവമതിക്കുകയോ ചെയ്യുന്നു. അതു നമുക്ക് നഷ്ടം തന്നെയാണ്. ഏറ്റവും നന്നായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർ അപ്രകാരം ചെയ്ത അല്ലാഹുവിന്റെ തൃപ്തി കര

സ്ഥമാക്കുവാൻ, അവരുടേതായ വഴികൾ കണ്ടെത്തുക. ഇപ്രകാരം ചെയ്യുന്നതിലൂടെ അല്ലാഹു(ത) അവരുടെ കുറ്റങ്ങളുടെ മേൽ മറയിടുകയും അവർക്ക് മാപ്പ് ചെയ്യുകയും ചെയ്യുന്നു. കുറ്റാരോപണങ്ങളിലൂടെ, മ്ളേഛമായ പദപ്രയോഗങ്ങളിലൂടെ, വാദപ്രതിവാദങ്ങളിലൂടെ, അസൂയയിലൂടെ, ശത്രുതയിലൂടെ, ക്രൂരമായ വാക്കുകളിലൂടെ, നമ്മുടെ തന്നെ നാശം നാം വരുത്തിവെയ്ക്കുകയാണ് ചെയ്യുന്നത്.

ചെറിയ പെരുന്നാൾ രാത്രി, അർഹമായ പ്രതിഫലം ലഭിക്കുന്ന രാത്രിയാണ്. ചെറിയപെരുന്നാൾ രാത്രി എന്ന് ഞാൻ പറയുമ്പോൾ, അതുകൊണ്ട് അർത്ഥമാക്കുന്നത് പെരുന്നാൾ ചന്ദ്രനെ കാണുന്ന രാത്രിയാണ്. അതായത് ശവ്വാൽ ഒന്ന്! മാസപ്പിറവി കാണുന്നു. റമദാൻ മാസം അവസാനിക്കുന്നു. പ്രസ്തുത മാസപിറവിയുടെ ദർശനത്തോടെ! ഇനി നാം റമദാൻ 29ന് ചന്ദ്രപിറവി കാണുന്നില്ലെങ്കിൽ, ഈ വർഷത്തെ പോലെ, റമദാൻ 30 കഴിഞ്ഞ രാത്രിയിൽ, റമദാൻ 30 ന് ശേഷം, സൂര്യാസ്തമയശേഷം നാം ശവ്വാൽ മാസത്തിലേക്ക് പ്രവേശിക്കുമ്പോൾ, ശവ്വാൽ ഒന്നിന് ഈദുൽഫിത്ർ ആഘോഷിക്കുക. അല്ലാഹു(ത) അവന്റെ ദാസന്മാർക്ക് പ്രതിഫലം നല്കുന്നു. ഈ രാത്രിക്ക് അതിന്റെ യഥാർത്ഥ വില നല്കുന്നവർക്ക്.

ഭൂരിഭാഗം മുസ്ലിംകളെയും ക്ഷീണിതരായി കാണുന്നു. അതായത് അവർ റമദാന്റെ ക്ഷീണം അനുഭവിക്കുന്നവരാണ് എന്ന് സാരം. പെരുന്നാൾ പ്രഖ്യാപനം വന്നാലുടനെ അവർ വിശ്രമത്തിനായി കിടക്കയിലേക്ക് പോകുന്നു. പെരുന്നാൾ പ്രഖ്യാപനത്തിൽ സന്തോഷവാന്മാരായ മറ്റു ചിലർ ആഹാരങ്ങൾ തയ്യാറാക്കുന്നതിനായി തയ്യാറെടുക്കുന്നു. കേക്ക്, ബിരിയാണി തുടങ്ങിയവ, അടുത്ത ദിവസത്തേക്കായി, മറ്റു ചിലരാകട്ടെ വസ്ത്രങ്ങൾ വാങ്ങികൂട്ടുന്ന തിരക്കിലാണ്. **ഈദുൽഫിത്ർ രാത്രി യഥാർത്ഥത്തിൽ ഇബാദത്തിലും ദുആയിലും കഴിയേണ്ടതായിരുന്നു.**

പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. രണ്ട് പെരുന്നാളുകൾക്ക് തൊട്ടുമുമ്പുള്ള രാത്രികളിൽ, അല്ലാഹുവിന്റെ പ്രീതികാംഷിച്ച് പ്രാർത്ഥനയിൽ ആരാണോ മുഴുകുന്നത് അവരുടെ ഹൃദയങ്ങൾ മരിക്കുകയില്ല. അല്ലാത്തവരുടെ ഹൃദയങ്ങൾ മരിച്ചുപോകുന്നതാണ്. (ഇബ്നമാജ)

ഈ സന്ദേശത്തിന്റെ പൊരുളും ഉള്ളടക്കവും ഉൾകൊള്ളുവാനുള്ള തൗഫീഖ് അല്ലാഹു(ത) നമുക്ക് നല്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. അതുപോലെ നമുക്ക് നമ്മെ തിരുത്തുവാനുള്ള സൗഭാഗ്യവും നമ്മുടെ രക്ഷകൻ നമുക്ക് നല്കി അനുഗ്രഹിക്കട്ടെ! നമുക്ക് പശ്ചാത്തപിച്ച് മടങ്ങുവാനുള്ള അവസരവും അവൻ നല്കട്ടെ!

ഓ! അല്ലാഹ് ! ഞങ്ങളെ സംരക്ഷിച്ചാലും! ഞങ്ങൾക്ക് മാർഗദർശനം നല്കിയാലും! അങ്ങനെയായാൽ നിന്റെ കാരുണ്യത്തിൽ ഉൾപ്പെടുന്നവരിൽ നിന്നും ഞങ്ങൾ വിദൂരത്താവുകയില്ലല്ലോ! നിന്റെ പ്രീതികരസ്ഥമാക്കുവനായി ഞങ്ങളുടെ ദൗത്യം തുടരുവാനുള്ള സഹായം നല്കി അനുഗ്രഹിച്ചാലും! ആമീൻ സുമ്മ ആമീൻ.

ഞാൻ നിങ്ങൾക്കെല്ലാപേർക്കും ഈദ്മുബാറക്ക് നേരുന്നു. നിങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന ഓരോ ദിനവും അല്ലാഹു (ത) മുബാറക്ക് ആക്കിതരട്ടെ! നിങ്ങൾക്ക് ലഭിക്കുന്ന ഓരോ ദിവസങ്ങളിലെ ഓരോ സമയവും അവന് സേവനം ചെയ്യുവാനുള്ള യത്നത്തിൽ മുഴുകുക. ഏതെങ്കിലും രീതിയിൽ മാനവകുലത്തിന് സേവനം ചെയ്യുക. അതിലൂടെ ലോകത്ത് സമാധാനം കൊണ്ടുവരുവാൻ സാധിക്കും. അതിലൂടെ ദൈവീക പ്രകാശം കടന്നുവരുന്നതാണ്. ദൈവത്തിന്റെ മഹത്വം അംഗീകരിക്കപ്പെടും അങ്ങനെ മാനവകുലം ഒന്നായി തീരട്ടെ! ഇൻശാ അല്ലാഹ്! ആമീൻ


***Translated & Issued By :***
***R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***

***Ph : 9447001832, 0475-2252663***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***